അനുബന്ധം

## 13.06.2019-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2210-ന് നൽകിയ പുതുക്കിയ മറുപടി

## ക്ഷേത്രങ്ങൾ സംരക്ഷിക്കാൻ പുരാവസ്തു വകുപ്പ് നടപടി

ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അത്യപൂർവ്വമായ കൊത്തുപണികൾകൊണ്ടും ചുവർചിത്രമെഴുത്ത് കൊണ്ടും പ്രശസ്തമായ മടിയൻകൂലോം ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രം, ചെറുവത്തൂർ വീരഭദ്രക്ഷേത്രം എന്നിവ സംരക്ഷിക്കാൻ പുരാവസ്തു വകുപ്പിൽനിന്നും നടപടിയുണ്ടാകുമോ എന്നറിയിക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ സ്ഥിതിചെയ്യുന്ന മടിയൻ കൂലോംക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനായി ടി ക്ഷേത്രത്തിന്റെ റവന്യൂ വിശദവിവരം പുരാവസ്തു വകുപ്പ് ഡയറക്ടർ കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ജില്ലാ കളക്ടർ ലഭ്യമാക്കിയ റവന്യൂ വിശദവിവരത്തിൽ

അപാകതയുള്ളതിനാൽ ആയത് പരിഹരിച്ച് എഫ്.എം.ബി. സ്കെച്ച്, പ്ലാൻ എന്നിവയുൾപ്പെടെ റിപ്പോർട്ട് ലഭ്യമാക്കുവാൻ 26.11.2018-ന് വീണ്ടും കത്ത് നൽകിയിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമായാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഉദിനൂർ ക്ഷേത്ര പാലക ക്ഷേത്രം കൊട്ടാരം 2011 മുതൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്.

ചെറുവത്തൂർ വീരഭദ്രക്ഷേത്രം നിലവിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ല. ആയത് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം പരിശോധിച്ച് സംരക്ഷിതയോഗ്യമാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.